നം.എച്ച്(2)/5594/2022/ഡി.ജി.ഇ. (2)

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 07.05.2022

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനം - 2022-23 അധ്യയന വർഷം സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 30.12.2016 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 792455/ഇ.ഡബ്ല്യൂ3/2016/ത.സ്വ.ഭ.വ.
2) 16.05.2019 ലെ കത്ത് നം. എച്ച്2/19500/2019/ഡിപിഐ
3) 09.10.2019 ലെ സ.ഉ.(എം.എസ്) നം. 162/2019/പൊ.വി.വ.
4) 02.11.2021 ലെ സ.ഉ.(സാധാ) നം. 2182/2021/ത.സ്വ.ഭ.വ.

*****

കെ.ഇ.ആർ അധ്യായം IV, ചട്ടം (8) പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ മെയ് 10 - നു മുമ്പാണ് പൂർത്തിയാക്കേണ്ടത്. പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ എയ്ഡഡ് അൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനിയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കണമെന്ന് സൂചന (1) സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സൂചന (3), (4) സർക്കാർ ഉത്തരവുകൾ പ്രകാരം അസ്ബറ്റോസ് ഷീറ്റ് മേഞ്ഞ കൂരകളോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിൽ നിന്നും ആയവ നീക്കം ചെയ്ത് പകരം അനുയോജ്യമായ മേൽക്കൂരകൾ സ്ഥാപിക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. സ്കൂൾ കെട്ടിടങ്ങളുടെ അളവ് (നീളം x വീതി x ഉയരം - കൃത്യമായും) പോസ്റ്റ് കെ.ഇ.ആർ., പ്രീ-കെ.ഇ.ആർ കെട്ടിടങ്ങൾ തരംതിരിച്ച് അവയിൽ ഓരോന്നിലുമുള്ള ക്ലാസ്സ് മുറികളുടെ എണ്ണവും ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കണം.

മേൽ നിർദേശങ്ങൾ പാലിച്ചുകൊണ്ടുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ സ്കൂൾ തുറക്കുന്നതിനു മുമ്പായി എല്ലാ സ്കൂളുകൾക്കും ലഭിച്ചിട്ടുണ്ടെന്ന് അതത് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിലേക്കായുള്ള നിർദ്ദേശങ്ങൾ എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർ/മാനേജർമാർക്ക് വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

സി.എ.സന്തോഷ്
**(PEN-362891)**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ്:-

എല്ലാ പ്രഥമാധ്യാപകർക്കും, മാനേജർമാർക്കും *(വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)*